**മധുരമായ കുട്ടികളേ – നിങ്ങളുടെ ഈ ജീവിതം വളരെ-വളരെ അമൂല്യമാണ്, എന്തു കൊണ്ടെന്നാൽ നിങ്ങൾ ശ്രീമതത്തിലൂടെ വിശ്വത്തിന്റെ സേവനം ചെയ്യുന്നു, ഈ നര കത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു.**

**ചോദ്യം –** സന്തോഷം നഷ്ടമാകുന്നതിന്റെ കാരണവും അതിന്റെ നിവാരണവുമെന്താണ്?
**ഉത്തരം –** സന്തോഷം നഷ്ടമാകുന്നത് – 1. ദേഹാഭിമാനത്തിൽ വരുന്നത് കാരണം, 2. മനസ്സിൽ ചില പ്പോൾ ചില സംശയം ഉത്പന്നമാകുന്നു അതുകൊണ്ടും സന്തോഷം നഷ്ടമാകുന്നു. അതുകൊണ്ട് ബാബ നിർദ്ദേശം നൽകുന്നു, എപ്പോൾ എന്ത് സംശയം ഉണ്ടാവുകയാണെങ്കിലും ഉടനെ ബാബയോട് ചോദിക്കൂ. ദേഹീ അഭിമാനിയായിരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ എങ്കിൽ സദാ സന്തോഷത്തിലിരിക്കാം.

**ഓം ശാന്തി.** ഉയർന്നതിലും ഉയർന്ന ഭഗവാൻ പിന്നെ കുട്ടികൾക്ക് മുന്നിൽ ഭഗവാനുവാച. ഞാൻ നിങ്ങളെ ഉയർന്നതിലും ഉയർന്നവരാക്കി മാറ്റുന്നുവെങ്കിൽ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. മനസ്സിലാക്കുന്നുമുണ്ട് ബാബ നമ്മെ മുഴുവൻ വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുന്നു. മനുഷ്യർ പറയുന്നു പരംപിതാ പരമാത്മാവ് ഉയർന്നതിലും ഉയർന്നതാണ്. ബാബ സ്വയം പറയുന്നു – ഞാനാണെങ്കിൽ വിശ്വത്തിന്റെ അധികാരിയാകുന്നില്ല. ഭഗവാൻ പറയുന്നു– മനുഷ്യർ എന്നെ ഉയർന്നതിലും ഉയർന്ന ഭഗവാനെന്ന് പറയുന്നു, ഞാൻ പറയുന്നു എന്റെ കുട്ടികൾ ഉയർന്നതിലും ഉയർന്നവരാണ്. വ്യക്തമാക്കി പറയുന്നു. പുരുഷാർത്ഥവും കൽപം മുമ്പെന്ന പോലെ ഡ്രാമയനുസരിച്ച് ചെയ്യിക്കുന്നു. ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, ഏത് കാര്യവും മനസ്സിലായില്ലായെങ്കിൽ ചോദിക്കൂ. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിയുകയില്ല. ലോകം എന്താണ്, വൈകുണ്ഠമെന്താണ്. എത്രയോ നവാബ്, മുഗളർ മുതലായവർ വന്ന് പോയി, അമേരിക്കയിൽ എത്ര തന്നെ പൈസയുള്ളവർ ഉണ്ടായിക്കോട്ടെ പക്ഷെ ഈ ലക്ഷ്മീ നാരായണനെപ്പോലെയാവാൻ സാധിക്കില്ല. അവർ വൈറ്റ് ഹൗസ് മുതലായവ ഉണ്ടാക്കുന്നു പക്ഷെ സ്വർഗ്ഗത്തിൽ രത്നങ്ങൾ കൊണ്ടുള്ള ഗോൾഡൻ ഹൗസ് ഉണ്ടാക്കുന്നു. അതിനെയാണ് സുഖധാമമെന്ന് പറയുന്നത്. നിങ്ങളുടേത് നായികാ–നായകന്മാരുടെ പാർട്ടാണ്. നിങ്ങൾ രത്നങ്ങളായി മാറുന്നു. (സ്വർണ്ണിമ യുഗം)ഗോൾഡൻ ഏജായിരുന്നു. ഇപ്പോൾ (ഇരുമ്പ് യുഗം)അയൺ ഏജാണ്. ബാബ പറയുന്നു നിങ്ങൾ എത്ര ഭാഗ്യശാലികളാണ്. സ്വയം ഭഗവാനിരുന്ന് മനസ്സിലാക്കിത്തരുന്നു അതിനാൽ നിങ്ങൾക്ക് വളരെയധികം സന്തോഷത്തിലിരിക്കണം. നിങ്ങളുടെ ഈ പഠിപ്പ് പുതിയ ലോകത്തിലേക്ക് വേണ്ടിയുള്ളതാണ്. നിങ്ങളുടെ ഈ ജീവിതം വളരെ അമൂല്യമാണ് കാരണം നിങ്ങൾ വിശ്വത്തിന്റെ സേവനം ചെയ്യുകയാണ്. ബാബയെ വിളിക്കുകയും ചെയ്യുന്നു വന്ന് ഈ നരകത്തെ സ്വർഗ്ഗമാക്കൂ. ഹെവൻലീ ഗോഡ് ഫാദറെന്ന് പറയാറുണ്ടല്ലോ. ബാബ പറയുന്നു– നിങ്ങൾ സ്വർഗ്ഗത്തിലായിരുന്നല്ലോ, ഇപ്പോൾ നരകത്തിലാണ്. വീണ്ടും സ്വർഗ്ഗത്തിൽ വരും. നരകം ആരംഭിക്കുമ്പോൾ പിന്നെ സ്വർഗ്ഗത്തിന്റെ കാര്യം മറന്നു പോകുന്നു. ഇത് വീണ്ടും ഉണ്ടാകും. വീണ്ടും നിങ്ങൾക്ക് ഗോൾഡൻ ഏജിൽ നിന്ന് അയൺ ഏജിലേക്ക് വരണം. ബാബ വീണ്ടും വീണ്ടും കുട്ടികളോട് പറയുന്നു മനസ്സിൽ എന്തെങ്കിലും സംശയമാണ്, അതിലൂടെ സന്തോഷത്തിലിരിക്കാൻ കഴിയുന്നില്ലായെങ്കിൽ പറയൂ. ബാബയിരുന്ന് പഠിപ്പിക്കുന്നുവെങ്കിൽ പഠിക്കുകയും വേണമല്ലോ. സന്തോഷമുണ്ടാകുന്നില്ല കാരണം നിങ്ങൾ ദേഹാഭിമാനത്തിൽ വന്നിരിക്കുകയാണ്. സന്തോഷമുണ്ടാവണമല്ലോ. ബാബ കേവലം ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്, നിങ്ങൾ വിശ്വത്തിന്റെ തന്നെ അധികാരിയായി മാറുന്നു. ബാബയെ രചയിതാവെന്ന് പറയുന്നു പക്ഷെ , പ്രളയമുണ്ടാകുന്നു അതിന് ശേഷം പുതിയ ലോകം രചിക്കുന്നു എന്നല്ല. ഇല്ല, ബാബ പറയുന്നു ഞാൻ കേവലം പഴയതിനെ പുതിയതാക്കി മാറ്റുന്നു. പഴയ ലോകത്തെ വിനാശം ചെയ്യിക്കുന്നു. നിങ്ങളെ പുതിയ ലോകത്തിന്റെ അധികാരിയാക്കുന്നു. ഞാൻ ഒന്നും ചെയ്യുന്നില്ല. ഇതും ഡ്രാമയിലുള്ളതാണ്. പതിത ലോകത്തിലേക്ക് തന്നെയാണ് എന്നെ വിളിക്കുന്നത്. പവിഴപുരിയുടെ നാഥനാക്കി മാറ്റുന്നു. അതിനാൽ കുട്ടികൾ സ്വയം (സ്വർഗ്ഗം) പവിഴപുരിയിലേക്ക് വരുന്നു. അവിടേക്ക് എന്നെ ഒരിക്കലും വിളിക്കുന്നില്ല. എപ്പോഴെങ്കിലും വിളിക്കുന്നുണ്ടോ ബാബ പവിഴപുരിയിൽ വന്ന് ഒന്ന് സന്ദർശിക്കുമോ? വിളിക്കുന്നേയില്ല. പാടാറുമുണ്ട് ദുഃഖത്തിൽ എല്ലാവരും എന്നെ ഓർമ്മിക്കുന്നു, പതിത ലോകത്തിൽ ഓർമ്മിക്കുന്നു, സുഖത്തിൽ ആരും ഓർമ്മിക്കുന്നില്ല. ഓർമ്മിക്കുന്നുമില്ല, വിളിക്കുന്നുമില്ല. കേവലം ദ്വാപരയുഗത്തിൽ ക്ഷേത്രം ഉണ്ടാക്കി അതിൽ എന്നെ വെക്കുന്നു. കല്ലുകൊണ്ടുള്ളതല്ല വജ്രത്തിന്റെ ലിംഗമുണ്ടാക്കി വെക്കുന്നു– പൂജ ചെയ്യുന്നതിന് വേണ്ടി, എത്ര അത്ഭുതകരമായ കാര്യങ്ങളാണ്. നല്ല രീതിയിൽ ചെവി തുറന്ന് വെച്ച് കേൾക്കണം. ചെവിയെയും പവിത്രമാക്കണം. പതിത്രതയാണ് ആദ്യം. പറയുന്നു സിംഹിണിയുടെ പാൽ സ്വർണ്ണപാത്രത്തിലേ ഇരിക്കൂ. ഇതിൽ പവിത്രതയുണ്ടെങ്കിൽ ധാരണയുണ്ടാകും. ബാബ പറയുന്നു കാമം മഹാശത്രുവാണ്,

ഇതിൽ വിജയിക്കണം.  ഇത് നിങ്ങളുടെ അവസാന ജന്മമാണ്.  ഇതും നിങ്ങൾക്കറിയാം, ഇത് അതേ മഹാ ഭാരത യുദ്ധമാണ്. കൽപ–കൽപം എങ്ങനെയാണോ വിനാശമുണ്ടായത്, അതുപോലെ  ഡ്രാമയനുസരിച്ച് ഇപ്പോഴും  ഉണ്ടാകും.

നിങ്ങൾ കുട്ടികൾക്ക് സ്വർഗ്ഗത്തിൽ വീണ്ടും തന്റെ കൊട്ടാരം ഉണ്ടാക്കണം. എങ്ങനെയാണോ കല്പം മുമ്പ് ഉണ്ടാക്കിയിരുന്നത്. സ്വർഗ്ഗത്തെ പാരഡൈസ് എന്ന് പറയുന്നു. പുരാണങ്ങളിൽ നിന്നാണ് പാര ഡൈസ് എന്ന അക്ഷരം വന്നിരിക്കുന്നത്.  പറയുന്നു മാനസരോവരത്തിൽ മാലാഖമാർ വസിച്ചിരുന്നു. അതിൽ മുങ്ങിയെഴുന്നേറ്റാൽ മാലാഖയായി മാറും. വാസ്തവത്തിൽ ജ്ഞാനം മാനസരോവരമാണ്. അതിലൂടെ നിങ്ങൾ എന്തിൽ നിന്ന് എന്തായി മാറുന്നു. തിളക്കമുള്ളവരെയാണ് മാലാഖയെന്ന് പറയുന്നത്, ചിറകുകളുള്ള ഏതെങ്കിലും മാലാഖയല്ല. എങ്ങനെയാണോ നിങ്ങൾ പാണ്ഡവരെ മഹാവീരനെന്ന് പറ യുന്നത്, അവർ പിന്നെ പാണ്ഡവരുടെ വളരെ വലിയ–വലിയ ചിത്രം, ഗുഹകൾ മുതലായവ കാണിച്ചിരി ക്കുന്നു.  ഭക്തിമാർഗ്ഗത്തിൽ എത്ര പൈസയാണ് ചിലവ് ചെയ്യുന്നത്.  ബാബ പറയുന്നു ഞാൻ കുട്ടികളെ എത്ര സമ്പന്നമാക്കി മാറ്റി. നിങ്ങൾ  എല്ലാ പൈസയെല്ലാം എന്ത് ചെയ്തു. ഭാരതം വളരെ സമ്പന്നമായി രുന്നു.  ഇപ്പോൾ ഭാരതത്തിന്റെ അവസ്ഥയെന്താണ്. 100 ശതമാനം സമ്പന്നമായിരുന്നു, ഇപ്പോൾ 100 ശത മാനം ദരിദ്രമായിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെയധികം തയ്യാറെടുപ്പ് ചെയ്യണം.  കുട്ടി കൾക്കും മറ്റും മനസ്സിലാക്കി കൊടുക്കണം ശിവബാബയെ ഓർമ്മിക്കൂ.  നിങ്ങൾ കൃഷ്ണനെപ്പോലെ യായി മാറും. കൃഷ്ണനെങ്ങനെയാണ് കൃഷ്ണനായത്, ഇതാർക്കും അറിയുകയില്ല. മുൻ ജന്മത്തിൽ ശിവ ബാബയെ ഓർമ്മിച്ചതുകൊണ്ടാണ് കൃഷ്ണനായി മാറിയത്. അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെയ ധികം സന്തോഷമുണ്ടായിരിക്കണം. എന്നാൽ അപാര സന്തോഷം അവർക്കേ ഉണ്ടാകൂ ആരാണോ സദാ മറ്റുള്ളവരുടെ സേവനം ചെയ്യുന്നത്. മുഖ്യമായ ധാരണ, പെരുമാറ്റം വളരെ വളരെ റോയലാകണം.  ഭക്ഷണ പാനീയം വളരെ നല്ലതാകണം. നിങ്ങൾ കുട്ടികളുടെയടുത്ത് എപ്പോഴെങ്കിലും ആരെങ്കിലും വരുകയാണെ ങ്കിൽ പല തരത്തിൽ അവരുടെ സേവനം ചെയ്യണം. സ്ഥൂലവും  സൂക്ഷ്മവുമായ സേവനങ്ങൾ ചെയ്യണം. ഭൗതികവും ആത്മീയവും രണ്ടും ചെയ്യുന്നതിലൂടെ വളരെയധികം സന്തോഷമുണ്ടാകും. ആര് വരുകയാ ണെങ്കിലും അവർക്ക് നിങ്ങൾ സത്യനാരായണന്റെ കഥ കേൾപ്പിക്കൂ. ശാസ്ത്രങ്ങളിലാണെങ്കിൽ എന്തെല്ലാം കഥകളാണ് എഴുതിയിരിക്കുന്നത്.  വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് വന്നു പിന്നെ ബ്രഹ്മാവിന്റെ കൈയ്യിൽ ശാസ്ത്രം നൽകിയിരിക്കുന്നു.  ഇപ്പോൾ വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവെങ്ങനെ പുറത്തു വരുന്നു, എത്ര രഹസ്യമാണ്. വേറെയാർക്കും ഈ കാര്യങ്ങളൊന്നും മനസ്സിലാക്കാൻ കഴിയില്ല. നാഭിയിൽ നിന്ന് പുറത്ത് വരുന്നതിന്റെ കാര്യം തന്നെയില്ല. ബ്രഹ്മാവ് തന്നെയാണ് വിഷ്ണു, വിഷ്ണു തന്നെയാണ് ബ്രഹ്മാവാകുന്നത്.  ബ്രഹ്മാവിന് വിഷ്ണുവാകുന്നതിൽ സെക്കന്റ് മതി.  സെക്കന്റിൽ ജീവൻ മുക്തിയെന്ന് പറയാറുണ്ട്.  ബാബ സാക്ഷാത്ക്കാരം ചെയ്യിച്ചു നിങ്ങൾ വിഷ്ണുവിന്റെ രൂപമായി മാറു ന്നു. സെക്കന്റിൽ നിശ്ചയമുണ്ടായി.  വിനാശത്തിന്റെ സാക്ഷാത്ക്കാരവുമുണ്ടായി, ഇല്ലായെങ്കിൽ കൽക്ക ത്തയിൽ രാജകീയ പ്രൗഢിയോടെ ജീവിക്കുമായിരുന്നു. യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. വളരെ രാജകീയമായി ജീവിച്ചിരുന്നു. ഇപ്പോൾ ബാബ നിങ്ങളെ ഈ ജ്ഞാന രത്നങ്ങളുടെ വ്യാപാരം പഠിപ്പിക്കു ന്നു. ആ വ്യാപാരം ഇതിന്റെ മുന്നിൽ ഒന്നുമല്ല. പക്ഷെ ഇവരുടെ പാർട്ടിലും നിങ്ങളുടെ പാർട്ടിലും വ്യത്യാ സമുണ്ട്. ബാബ ഇദ്ദേഹത്തിൽ പ്രവേശിച്ചു, പെട്ടെന്ന് എല്ലാം ഉപേക്ഷിച്ചു ഭട്ടി നടത്തുമായിരുന്നു. നിങ്ങളും എല്ലാം ഉപേക്ഷിച്ചു. നദി കടന്ന് വന്ന് ഭട്ടിയിൽ പ്രവേശിച്ചു. എന്തെല്ലാം സംഭവിച്ചു, യാതൊന്നിന്റെയും ഉത്കണ്ഠ ഇല്ല.  പറയുന്നു കൃഷ്ണൻ ഓടിച്ചു! എന്തുകൊണ്ട് ഓടിച്ചു? അവരെ മഹാറാണിയാക്കി മാറ്റു ന്നതിന്. ഈ ഭട്ടിയും ഉണ്ടാക്കി, നിങ്ങൾ കുട്ടികളെ സ്വർഗ്ഗത്തിന്റെ മഹാറാണിയാക്കുന്നതിന് വേണ്ടി. ശാസ്ത്രങ്ങളിൽ എന്തെല്ലാമാണ് എഴുതിയിരിക്കുന്നത്, പ്രാക്ടിക്കലിൽ  എന്തെല്ലാമാണ്. ഇപ്പോൾ നിങ്ങൾ എല്ലാം മനസ്സിലാക്കി. ഓടിക്കുന്നതിന്റെ കാര്യം തന്നെയില്ല. കൽപം മുമ്പും ഗ്ലാനി ലഭിച്ചിട്ടുണ്ടായിരുന്നു. പേര് മോശമാക്കിയിരിന്നു. ഇത് ഡ്രാമയാണ്, കൽപം മുമ്പെന്ന പോലെ എല്ലാം സംഭവിക്കുന്നു.

ഇപ്പോൾ നിങ്ങൾ നല്ല രീതിയിൽ അറിയുന്നു കല്പം മുമ്പ് ആരെല്ലാമാണോ രാജ്യം നേടിയിരുന്നത് അവർ തീർച്ചയായും വരും. ബാബ പറയുന്നു ഞാനും കല്പ കല്പം വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റു ന്നു. പൂർണ്ണമായും 84 ജന്മങ്ങളുടെ കണക്ക് പറഞ്ഞു തരുന്നു. സത്യയുഗത്തിൽ നിങ്ങൾ അമരന്മാരായി രിക്കുന്നു. അവിടെ അകാല മൃത്യൂ സംഭവിക്കുകയില്ല. ശിവബാബ കാലന്റെ മേൽ വിജയം പ്രാപ്തമാക്കി തരുന്നു.  പറയുന്നു ഞാൻ കാലന്റെയും കാലനാണ്. കഥകളുമുണ്ടല്ലോ. നിങ്ങൾ കാലന്റെ മേൽ വിജയം നേടുന്നു. നിങ്ങൾ അമരലോകത്തിലേയ്ക്ക് പോകുന്നു. അമര ലോകത്തിലേയ്ക്ക് പോകുന്നതിന് വേണ്ടി ഒന്ന് പവിത്രമായി മാറണം, രണ്ടാമത് ദൈവീക ഗുണവും ധാരണ ചെയ്യണം.  ദിവസവും തന്റെ കണക്ക് വെയ്ക്കൂ. രാവണനിലൂടെ നിങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നു. എന്നിലൂടെ ലാഭമുണ്ടാകുന്നു. വ്യാപാരി

കൾ ഈ കാര്യങ്ങൾ നല്ല രീതിയിൽ മനസ്സിലാക്കും. ഇത് ജ്ഞാന രത്നമാണ്. ചില വിരളമായ വ്യാപാരികൾ ഇതിലൂടെ വ്യാപാരം ചെയ്യും. നിങ്ങൾ കച്ചവടം ചെയ്യാൻ വന്നിരിക്കുകയാണ്. ചിലർ നല്ല രീതിയിൽ കച്ചവടം ചെയ്ത് സ്വർഗ്ഗത്തിന്റെ വസ്തുക്കളെടുക്കുന്നു – 21 ജന്മത്തേയ്ക്ക്. 21 ജന്മം മാത്രമല്ല 50–60 ജന്മങ്ങൾ നിങ്ങൾ വളരെ സുഖത്തിലിരിക്കുന്നു. കോടിപതിയായി മാറുന്നു. ദേവതകളുടെ പാദത്തിൽ പത്മം കാണിച്ചിട്ടുണ്ടല്ലോ. അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾ ഇപ്പോൾ കോടിപതിയായി മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ നിങ്ങൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. ബാബ പറയുന്നു ഞാൻ വളരെ സാധാരണമാണ്. നിങ്ങൾ കുട്ടികളെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. വിളിക്കുകയും ചെയ്യുന്നു അല്ലയോ പതിത പാവനാ വരൂ, വന്ന് പാവനമാക്കി മാറ്റൂ. പാവനമായിരിക്കുന്നത് തന്നെ സുഖധാമത്തിലാണ്. ശാന്തിധാമത്തിന്റെ യാതൊരു ചരിത്രവും ഭൂമിശാസ്ത്രവും ഉണ്ടാവുക സാധ്യമല്ല. അത് ആത്മാക്കളുടെ വൃക്ഷമാണ്. സൂക്ഷ്മവതനത്തിന്റെ ഒരു കാര്യവുമില്ല. ബാക്കി ഈ സൃഷ്ടി ചക്രം കറങ്ങുന്നതെങ്ങനെയാണ് അത് നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. കേവലം ഒരേയൊരു ലക്ഷ്മീ നാരായണൻ രാജ്യം ഭരിക്കുന്നു എന്നല്ല. വൃദ്ധിയുണ്ടാകുന്നുണ്ടല്ലോ. പിന്നീട് ദ്വാപരയുഗത്തിൽ അതേ പൂജ്യർ പിന്നീട് പൂജാരിയായി മാറുന്നു. മനുഷ്യർ പിന്നെ പരമാത്മാവിനെ പറയുന്നു സ്വയം പൂജ്യനാണെന്ന്. എങ്ങനെയാണോ പരമാത്മാവിനെ സർവ്വവ്യാപിയെന്ന് പറയുന്നത്, ഈ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. പകുതി കൽപം നിങ്ങൾ പാടി വന്നു ഉയർന്നതിലും ഉയർന്ന ഭഗവാൻ, ഇപ്പോൾ ഭഗവാന്റെ വാക്കാണ് – ഉയർന്നതിലും ഉയർന്നത് കുട്ടികളാണ്. അതിനാൽ അങ്ങനെയുള്ള ബാബയുടെ അഭിപ്രായത്തിലൂടെ തന്നെ നടക്കണമല്ലോ. കുടുംബത്തെയും സംരക്ഷിക്കണം. ഇവിടെയാണെങ്കിൽ എല്ലാവർക്കും ഇരിക്കാൻ സാധിക്കില്ല. എല്ലാവർക്കും ഇരിക്കണമെങ്കിൽ എത്ര വലിയ കെട്ടിടം ഉണ്ടാക്കേണ്ടി വരും. ഒരു ദിവസം നിങ്ങൾ ഇതും കാണും താഴെ നിന്ന് മുകളിൽ വരേക്ക് വളരെ വലിയ ക്യൂ ഉണ്ടാകും, ദർശനം ചെയ്യുന്നതിന് വേണ്ടി. ചിലർക്ക് ദർശനം കിട്ടിയില്ലെങ്കിൽ ചീത്തവിളിയും കേൾക്കേണ്ടി വരുന്നു. മനസ്സിലാക്കുന്നു മഹാത്മാവിനെ ദർശിക്കുകയാണ്. ഇപ്പോൾ കുട്ടികളുടെ അച്ഛനാണ്. കുട്ടികളെത്തന്നെയാണ് പഠിപ്പിക്കുന്നത്. നിങ്ങൾ ആർക്കാണോ വഴി പറഞ്ഞു കൊടുക്കുന്നത് ചിലർ നല്ല രീതിയിൽ നടക്കുന്നു, ചിലർക്ക് ധാരണ ചെയ്യാൻ സാധിക്കില്ല, എത്ര പേരാണ് ചിലർ എത്ര കേട്ടുകൊണ്ടിരുന്നാലും പുറത്ത് പോയാൽ അവിടുത്തേതായി തന്നെ തുടരുന്നു, ആ സന്തോഷമില്ല, പഠിപ്പില്ല, യോഗമില്ല. ബാബ വളരെയധികം മനസ്സിലാക്കിത്തരുന്നു, ചാർട്ട് വെക്കൂ. ഇല്ലായെങ്കിൽ വളരെയധികം പശ്ചാത്തപിക്കേണ്ടി വരും. നമ്മൾ ബാബയെ എത്ര ഓർമ്മിക്കുന്നു, ചാർട്ട് നോക്കണം. ഭാരതത്തിന്റെ പ്രാചീന യോഗത്തിന് വളരെയധികം മഹിമയുണ്ട്. അതിനാൽ ബാബ മനസ്സിലാക്കിത്തരുന്നു– ഏതെങ്കിലും കാര്യം മനസ്സിലായില്ലായെങ്കിൽ ബാബയോട് ചോദിക്കൂ. മുമ്പ് നിങ്ങൾക്ക് ഒന്നും അറിയുമായിരുന്നില്ല. ബാബ പറയുന്നു ഇത് മുള്ളുകളുടെ കാടാണ്. കാമം മഹാശത്രുവാണ്. ഈ അക്ഷരം ഗീതയിലുള്ളതാണ്. ഗീത പഠിച്ചിരുന്നു പക്ഷെ മനസ്സിലാക്കിയിരുന്നില്ല. ബാബ ആയുസ്സ് മുഴുവൻ ഗീത പഠിച്ചിട്ടുണ്ട്. മനസ്സിലാക്കിയിരുന്നു – ഗീതയുടെ മാഹാത്മ്യം വളരെ നല്ലതാണ്. ഭക്തിമാർഗ്ഗത്തിൽ ഗീതക്ക് വളരെയധികം അംഗീകാരമുണ്ട്. ഗീത വലുതുമുണ്ട്, ചെറുതുമുണ്ട്. കൃഷ്ണന്റെയും മറ്റു ദേവതകളുടെയും അതേ ചിത്രം പൈസക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു, പിന്നീട് അതേ ചിത്രങ്ങളുടെ വളരെ വലിയ–വലിയ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നു. അതിനാൽ ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾക്ക് വിജയമാലയിലെ മുത്തായി മാറണം. അങ്ങനെയുള്ള മധുര–മധുരമായ ബാബയെ ബാബാ, ബാബാ, എന്നും പറയുന്നു. മനസ്സിലാക്കുന്നുമുണ്ട് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം നൽകുന്നു എന്നിട്ടും ആശ്ചര്യത്തോടെ കേൾക്കുകയും പറയുകയും, മായയുടെ നേരെ പോവുകയും ചെയ്യുന്നു. ബാബാ എന്ന് പറയുന്നുവെങ്കിൽ ബാബാ അർത്ഥം ബാബാ. ഭക്തിമാർഗ്ഗത്തിലും പാടി വരുന്നുണ്ട് പതിമാരുടെയും പതി, ഗുരുവിന്റെയും ഗുരു ഒന്ന് മാത്രമാണ്. അത് നമ്മുടെ അച്ഛനാണ്. ജ്ഞാനത്തിന്റെ സാഗരം പതീത പാവനനാണ്. നിങ്ങൾ പറയുന്നു ബാബാ, ഞങ്ങൾ കൽപ–കൽപം അങ്ങയിൽ നിന്ന് സമ്പത്ത് എടുത്തു വരുന്നു. കൽപ–കൽപം ലഭിക്കുന്നു. പരിധിയില്ലാത്ത ബാബയിൽ നിന്ന് ഞങ്ങൾക്ക് തീർച്ചയായും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കും. മുഖ്യമായത് അല്ലാഹുവാണ്. അതിൽ സമ്പത്ത് അടങ്ങിയിട്ടുണ്ട്. ബാബ അർത്ഥം സമ്പത്ത്. അത് പരിധിയുള്ളതാണ്, ഇത് പരിധിയില്ലാത്തതാണ്. പരിധിയുള്ള ബാബയാണെങ്കിൽ അനേകമുണ്ട്. പരിധിയില്ലാത്ത ബാബ ഒന്ന് മാത്രമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം**

1. സ്ഥൂലവും സൂക്ഷ്മവുമായ സേവനം ചെയ്ത് അപാര സന്തോഷത്തിന്റെ അനുഭവം ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം. പെരുമാറ്റം, ഭക്ഷണ പാനീയത്തിൽ വളരെ റോയൽറ്റി(രാജകീയത) കാണിക്കണം.

2. അമരലോകത്തിൽ ഉയർന്ന പദവി നേടുന്നതിന് വേണ്ടി പവിത്രമായിരിക്കുന്നതിനോടൊപ്പം ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. തന്റെ കണക്ക് പരിശോധിക്കണം ഞാൻ ബാബയെ എത്ര ഓർമ്മിക്കുന്നു? അവിനാശീ ജ്ഞാനരത്നങ്ങളുടെ സമ്പാദ്യം ശേഖരിച്ചുകൊണ്ടിരിക്കുന്നുണ്ടോ? ധാരണ സാധ്യമാകുന്ന വിധത്തിൽ കർണ്ണശുദ്ധിയുണ്ടോ?

## വരദാനം- സേവനങ്ങൾ ചെയ്യുമ്പോഴും ഓർമ്മയുടെ അനുഭവങ്ങളുടെ ഓട്ടപ്പന്തയം നടത്തുന്ന സദാ ലവ്‌ലീനമായ ആത്മാവായി ഭവിക്കട്ടെ.

ഓർമ്മയിൽ ഇരിക്കുന്നുണ്ട് എന്നാൽ ഓർമ്മയിലൂടെ ഏതെല്ലാം പ്രാപ്തികൾ ലഭിക്കുമോ ആ പ്രാപ്തികളുടെ അനുഭൂതികളെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം ഇതിനായി പ്രത്യേകം സമയവും കണ്ടെത്തണം ,ശ്രദ്ധയും നൽകണം.അപ്പോൾ അനുഭവങ്ങളുടെ സാഗരത്തിൽ മുഴുകിയ ലവ്‌ലീൻ ആത്മാവാണെന്ന് കാണാനാകും.എങ്ങിനെയാണോ പവിത്രതയെ ശാന്തിയുടെ അന്തരീക്ഷത്തിൽ അനുഭവം ചെയ്യാനാകുന്നത് അതുപോലെ ശ്രേഷ്ഠയോഗികൾ, ഓർമ്മയിൽ മുഴുകിയിരിക്കുന്നവർ എന്ന് ഏവർക്കും അനുഭവമാകും.ജ്ഞാനത്തിന്റെ പ്രഭാവമുണ്ട് എന്നാൽ യോഗത്തിലൂടെ സിദ്ധിസ്വരൂപത്തിന്റെ പ്രഭാവം കാണപ്പെടണം.സേവനങ്ങൾ ചെയ്തുകൊണ്ടും ഓർമ്മയുടെ അനുഭവങ്ങളിൽ മുങ്ങിയിരിക്കണം.ഓർമ്മയുടെ യാത്രയിൽ അനുഭവങ്ങളുടെ ഓട്ടപ്പന്തയം നടത്തൂ.

## സ്ലോഗൻ- സിദ്ധിയെ സ്വീകരിക്കുക അർത്ഥം ഭാവിയിലെ പ്രാലബ്ധത്തെ ഇവിടെത്തന്നെ സമാപ്തമാക്കുക.

**അവ്യക്തസൂചന-സങ്കൽപങ്ങളുടെ ശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമാകൂ..**
താങ്കൾ കുട്ടികൾ എത്രത്തോളം ശ്രേഷ്ഠ സങ്കൽപങ്ങളുടെ ശക്തികളാൽ സമ്പന്നമാകുന്നുവോ അത്രത്തോളം ശ്രേഷ്ഠസങ്കൽപങ്ങളിലൂടെ ശക്തിശാലിസേവനങ്ങളുടെ സ്വരൂപങ്ങളും സ്പഷ്ടമായി കാണാനാകും. ആരോ വിളിക്കുന്നുണ്ട്,ആരോ ദിവ്യബുദ്ധിയിലൂടെയും ശുഭസങ്കൽപങ്ങളിലൂടെ ക്ഷണിക്കുന്നു എന്ന് ഓരോരുത്തരും അനുഭവം ചെയ്യാൻ തുടങ്ങും.ചിലർ ദിവ്യദൃഷ്ടിയിലൂടെ ബാബയേയും നിമിത്തസ്ഥാനത്തേയും കാണും.ഈ രണ്ട് പ്രകാരത്തിലുള്ള അനുഭവങ്ങളിലൂടെ വളരെ തീവ്രഗതിയിൽ തന്റെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനാകും.